REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 06-02-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- US ൽ അനധികൃതമായി താമസിക്കുന്ന ഇന്ത്യക്കാരുടെ നാടുകടത്തലിൽ പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭയും, രാജ്യസഭയും ഉച്ചയ്ക്ക് 12 വരെ നിർത്തിവെച്ചു.
- രാഷ്ട്രപതിയുടെ പ്രസംഗത്തിന്റെ നന്ദിപ്രമേയ ചർച്ചയിൽ രാജ്യസഭയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി വൈകിട്ട് മറുപടി പറയും.
- സംസ്ഥാന ബജറ്റ് നാളെ. രാവിലെ ഒൻപതിന് മന്ത്രി KN ബാലഗോപാൽ ബജറ്റ് അവതരിപ്പിക്കും.
- CSR ഫണ്ട് തട്ടിപ്പ് കേസിലെ പ്രതി അനന്തു കൃഷ്ണനെ മൂവാറ്റുപുഴ കോടതി അഞ്ചു ദിവസത്തെ പൊലീസ് കസ്റ്റഡിയിൽ വിട്ടു.
- ഇന്ത്യ- ഇംഗ്ലണ്ട് ആദ്യ ഏകദിനം ഉച്ചകഴിഞ്ഞ് നാഗ്പൂരിൽ.

## വാർത്തകൾ വിശദമായി

**US ൽ അനധികൃതമായി താമസിക്കുന്ന ഇന്ത്യക്കാരുടെ നാടുകടത്തലുമായി ബന്ധപ്പെട്ട പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭയും, രാജ്യസഭയും ഉച്ചയ്ക്ക് 12 വരെ നിർത്തിവെച്ചു.**

**ലോക്സഭയിൽ കോൺഗ്രസ്, സമാജ് വാദി പാർട്ടി, തൃണമൂൽ കോൺഗ്രസ് MP മാർ, വിഷയത്തിൽ അടിയന്തര ചർച്ച ആവശ്യപ്പെട്ട് മുദ്രാവാക്യം വിളിച്ചു. പ്രതിപക്ഷം ഈ വിഷയത്തിൽ അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. വിദേശ രാജ്യവുമായി**

ബന്ധപ്പെട്ട പ്രശ്നമായതിനാൽ തത്ക്കാലം വിഷയം സഭയിൽ ചർച്ച ചെയ്യാനാവില്ലെന്ന് സ്പീക്കർ ഓം ബിർള അറിയിച്ചു.

രാജ്യസഭയിലും ഇതേ വിഷയം പ്രതിപക്ഷം ഉന്നയിച്ച് ബഹളമുണ്ടാക്കിയതിനെ തുടർന്ന് ഡെപ്യൂട്ടി ചെയർമാൻ ഹരിവംശ് ഉച്ചവരെ നടപടികൾ നിർത്തിവെച്ചതായി അറിയിക്കുകയായിരുന്നു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി, രാഷ്ട്രപതിയുടെ പ്രസംഗത്തിന്റെ നന്ദിപ്രമേയ ചർച്ചയിൽ രാജ്യസഭയിൽ വൈകിട്ട് മറുപടി പറയും. പാർലമെന്ററികാര്യമന്ത്രി കിരൺ റിജിജുവാണ് ഇക്കാര്യം സാമൂഹ്യമാധ്യമ കുറിപ്പിലൂടെ അറിയിച്ചത്. ലോക്സഭയിൽ രണ്ടു ദിവസം മുമ്പ് നന്ദിപ്രമേയം പാസാക്കിയിരുന്നു.

✪✪✪

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ നാളെ കർണാടകയിലെ റാണെബെന്നൂർ സന്ദർശിക്കും. ഏകദിന പര്യടനത്തിനിടെ, റാണെബെന്നൂരിൽ കർണാടക വൈഭവ സാഹിത്യ സാംസ്കാരികോത്സവത്തിന്റെ ഉദ്ഘാടന ചടങ്ങിൽ മുഖ്യാതിഥിയായി ധൻഖർ പങ്കെടുക്കും.

✪✪✪

സംസ്ഥാന ബജറ്റ് നാളെ. മന്ത്രി KN ബാലഗോപാൽ രാവിലെ ഒൻപതിന് നിയമസഭയിൽ പുതിയ സാമ്പത്തിക വർഷത്തെ ബജറ്റ് അവതരിപ്പിക്കും. കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ വരുമാനം പരമാവധി വർദ്ധിപ്പിക്കാനാവശ്യമായ നിർദ്ദേശങ്ങൾ ബജറ്റിലുണ്ടാവുമെന്നാണ് വിലയിരുത്തൽ. അതേസമയം അടുത്ത വർഷത്തെ നിയമസഭാ തിരഞ്ഞെടുപ്പ് മുന്നിൽകണ്ട് ജനപ്രിയ പ്രഖ്യാപനങ്ങളും ബജറ്റിലുണ്ടായിരിക്കും. ജനങ്ങളെ നേരിട്ട് ബാധിക്കാത്ത തരത്തിൽ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുകയെന്ന വെല്ലുവിളിയാണ് സംസ്ഥാനം നേരിടുന്നത്.

ഡെസ്ക്ക് റിപ്പോർട്ട്

......(വോയ്സ് )........

വിഴിഞ്ഞം തുറമുഖത്തിന്റെ അനുബന്ധ വികസനത്തിന് നിക്ഷേപം കണ്ടെത്തുന്നതിന് നിർദ്ദേശങ്ങൾ ബജറ്റിലുണ്ടാവുമെന്നാണ് പ്രതീക്ഷ. വ്യവസായ നിക്ഷേപ സൗഹൃദാന്തരീക്ഷം ഒരുക്കാൻ എല്ലാ

**സാധ്യതകളും പരിഗണിച്ചേക്കും. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്വകാര്യ പങ്കാളിത്തം വർദ്ധിപ്പിക്കാനും ബജറ്റിൽ നിർദ്ദേശങ്ങളുണ്ടാകുമെന്നും കരുതുന്നു. സേവന നിരക്കുകൾ നേരിയ തോതിൽ വർദ്ധിപ്പിക്കുന്നതിന്റെ സാധ്യത തള്ളിക്കളയാനാകില്ല. കേന്ദ്ര സഹായത്തിലും, വായ്പയിലും കുറവ് നേരിടുകയാണെന്ന സംസ്ഥാനത്തിന്റെ പരാതിക്ക് ബാലഗോപാൽ കണ്ടെത്തുന്ന പരിഹാര മാർഗ്ഗങ്ങളായിരിക്കും ബജറ്റിന്റെ പ്രധാന ശ്രദ്ധാകേന്ദ്രം.**

**മനുഷ്യ- വന്യജീവി സംഘർഷം, റബറിന്റെ വിലയിടിവ്, ക്ഷേമപെൻഷൻ വർദ്ധന, നെല്ല്, തെങ്ങ് കൃഷി സഹായം തുടങ്ങിയ വിഷയങ്ങൾക്ക് ബജറ്റിൽ പ്രധാന പരിഗണന നൽകിയേക്കുമെന്നാണ് വിലയിരുത്തൽ.**

✪✪✪

**ബ്രൂവറി വിഷയത്തിലെ ചോദ്യങ്ങൾക്ക് സംസ്ഥാന ഗവൺമെന്റിന് മറുപടിയില്ലെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ കുറ്റപ്പെടുത്തി. മദ്യനിർമ്മാണ കമ്പനിയായ ഒയാസിസ് വന്നത് ഗവൺമെന്റിന്റെ ക്ഷണപ്രകാരമാണെന്ന് സതീശൻ തിരുവനന്തപുരത്ത് ആരോപിച്ചു. ഒറ്റദിവസം കൊണ്ടാണ് മദ്യനിർമ്മാണ കമ്പനിയ്ക്ക് വെള്ളം നൽകാൻ തീരുമാനമെടുത്തതെന്നും അദ്ദേഹം പറഞ്ഞു.**

**കേരളത്തിൽ അപ്രഖ്യാപിത നിയമന നിരോധനം നിലനിൽക്കുമ്പോഴും പിൻവാതിൽ നിയമനം തകൃതിയായി നടക്കുന്നതിന്റെ തെളിവാണ് ബോഡി-ബിൽഡർമാരെ ഇൻസ്പെക്ടർ റാങ്കിലേക്ക് നിയമിച്ചതെന്നും VD സതീശൻ കുറ്റപ്പെടുത്തി. അനധികൃത നിയമനത്തിനെതിരെ നിയമനടപടി സ്വീകരിക്കുമെന്നും അദ്ദേഹം അറിയിച്ചു.**

**CSR ഫണ്ട് തട്ടിപ്പു കേസിൽ ലാലി വിൻസെന്റിനെ പ്രതിയാക്കിയത് എങ്ങനെയെന്ന് ചോദിച്ച VD സതീശൻ, അവർ കമ്പനിയുടെ ലീഗൽ അഡ്വൈസർ മാത്രമാണെന്നും പറഞ്ഞു. തട്ടിപ്പിൽ കോൺഗ്രസ് നേതാക്കൾക്ക് പങ്കുണ്ടോയെന്ന് പാർട്ടി പരിശോധിക്കുമെന്നും സതീശൻ വ്യക്തമാക്കി.**

✪✪✪

**CSR ഫണ്ട് തട്ടിപ്പ് കേസിലെ പ്രതി അനന്തു കൃഷ്ണനെ മൂവാറ്റുപുഴ കോടതി അഞ്ചു ദിവസത്തെ കസ്റ്റഡിയിൽ വിട്ടു. മെഡിക്കൽ പരിശോധനയ്ക്കു ശേഷം ഇന്നുതന്നെ ചോദ്യം ചെയ്യൽ ആരംഭിച്ചേക്കും. അനന്തു കൃഷ്ണന്റെ സാമ്പത്തിക ഇടപാടുകളും തട്ടിപ്പിന്റെ**

വ്യാപ്തിയുമടക്കം വിഷയങ്ങൾ കണ്ടെത്താനാണ് പൊലീസ് ശ്രമിക്കുന്നത്.

കേസ് അന്വേഷിക്കാൻ കണ്ണൂരിൽ പ്രത്യേക സംഘത്തെ നിയോഗിച്ചു. കണ്ണൂർ അസി. പോലീസ് കമ്മിഷണർ ഇൻ ചാർജ് ജയൻ ഡൊമിനിക്കിന്റെ നേതൃത്വത്തിലാണ് സംഘം പ്രവർത്തിക്കുക.

കണ്ണൂർ ടൗൺ, വളപട്ടണം, മയ്യിൽ, ചക്കരക്കൽ പോലീസ് സ്റ്റേഷനുകളിലായി ജില്ലയിൽ 700 പരാതികൾ ആണ് ലഭിച്ചത്. ഇതിൽ നാല് കേസുകൾ രജിസ്റ്റർ ചെയ്തു.

അതേസമയം, CSR ഫണ്ട് തട്ടിപ്പുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിൽ ആയിരത്തിലേറെ പരാതികളാണ് വിവിധ പൊലീസ് സ്റ്റേഷനുകളിലായി ലഭിച്ചത്. പൊന്നാനി, കൊണ്ടോട്ടി, നിലമ്പൂർ മേഖലകളിലാണ് കൂടുതൽ പരാതികൾ.

✪✪✪

113-ാമത് ചെറുകോൽപ്പുഴ ഹിന്ദുമത പരിഷത്തിൽ പമ്പാ മണൽ പുറത്തെ ശ്രീവിദ്യാധിരാജാ നഗറിൽ സമ്പൂർണ്ണ നാരായണീയ പാരായണം ആരംഭിച്ചു. വൈകിട്ട് പരിസ്ഥിതി- സാംസ്കാരിക സമ്മേളനം കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും.

✪✪✪

നെല്ലിയാമ്പതി ഗവർമെന്റ് ഓറഞ്ച് ഫാമിൽ സംഘടിപ്പിക്കുന്ന അഗ്രികൾച്ചർ ഹോർട്ടി ടൂറിസം ഫെസ്റ്റിന് ഇന്ന് തുടക്കമായി. രാവിലെ മന്ത്രി P. പ്രസാദ് ഉദ്ഘാടനം ചെയ്തു. ഈ മാസം പത്തു വരെയാണ് ടൂറിസം ഫെസ്റ്റ്.

✪✪✪

റോബോട്ടിക്സിന്റെ അനന്ത സാധ്യതകളുമായി കണ്ണൂർ ഗവ. എൻജിനീയറിങ് കോളേജിൽ മൂന്ന് ദിവസത്തെ അഖിലേന്ത്യാ മൾട്ടി ഫെസ്റ്റ് ഇന്ന് ആരംഭിക്കും. വൈകീട്ട് ISRO മുൻ ഡയരക്ടർ ഡോ. പി.കുഞ്ഞികൃഷ്ണൻ ഉദ്ഘാടനം ചെയ്യും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി K.O ശശിധരൻ.

.....(വോയ്സ്)................

✪✪✪

CPIM ഇടുക്കി ജില്ലാ സമ്മേളനം തൊടുപുഴയിൽ വൈകിട്ട് സമാപിക്കും. പൊതുസമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

✪✪✪

വധശിക്ഷാവിധി റദ്ദാക്കണമെന്നാവശ്യപ്പെട്ട് നെയ്യാറ്റിൻകര ഷാരോൺ വധക്കേസ് പ്രതി ഗ്രീഷ്മ നൽകിയ അപ്പീൽ ഹൈക്കോടതി ഫയലിൽ സ്വീകരിച്ചു. എതിർ കക്ഷിക്ക് കോടതി നോട്ടീസ് അയച്ചു. ഗ്രീഷ്മയുടെ അമ്മാവന് വിചാരണക്കോടതി നൽകിയ ജാമ്യം ഹൈക്കോടതി ശരിവെച്ചു .

നെയ്യാറ്റിൻകര അഡീഷണൽ സെഷൻസ് കോടതിയാണ് ഗ്രീഷ്മയ്ക്ക് വധശിക്ഷ വിധിച്ചത്. നിലവിൽ തിരുവനന്തപുരം അട്ടക്കുളങ്ങര ജയിലിൽ കഴിയുകയാണ് ഗ്രീഷ്മ.

✪✪✪

കണ്ണൂർ മുൻ ADM നവീൻ ബാബുവിന്റെ മരണത്തിൽ CBI അന്വേഷണം ആവശ്യപ്പെട്ട് കുടുംബം നൽകിയ അപ്പീൽ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഇന്ന് പരിഗണിച്ചേക്കും. ജസ്റ്റിസുമായ PB സുരേഷ്കുമാർ, ജോബിൻ സെബാസ്റ്റ്യൻ എന്നിവർ ഉൾപ്പെട്ട ബെഞ്ചാണ് അപ്പീൽ പരിഗണിക്കുക.

✪✪✪

മുനമ്പം ജുഡീഷ്യൽ കമ്മീഷന്റെ നിയമസാധുത ചോദ്യം ചെയ്ത് വഖഫ് സംരക്ഷണ വേദി സമർപ്പിച്ച ഹർജി ഹൈക്കോടതി ഇന്ന് വീണ്ടും പരിഗണിച്ചേക്കും. വഖഫ് ട്രിബ്യൂണലിന്റെ പരിഗണനയിൽ വിഷയം നിലനിൽക്കുമ്പോൾ ജുഡീഷ്യൽ കമ്മീഷന്റെ നിയമസാധുതയെ കുറിച്ച് ഹൈക്കോടതി സംശയം പ്രകടിപ്പിച്ചിരുന്നു.

✪✪✪

ഇന്ത്യ- ഇംഗ്ലണ്ട് ഏകദിന ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കമാകും. മൂന്ന് മത്സര പരമ്പരയിലെ ആദ്യത്തേത് നാഗ്പൂരിലെ വിദർഭ ക്രിക്കറ്റ് അസോസിയേഷൻ സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് 1:30 ന് ആരംഭിക്കും.

വിരാട്കോഹ്-ലി, രോഹിത് ശർമ്മ, വരുൺ ചക്രവർത്തി എന്നിവരെ ടീമിലുൾപ്പെടുത്തി.

✪✪✪

കേൾവി-സംസാര വൈകല്യം നേരിടുന്നവരുടെ സംസ്ഥാന കായികമേള ഇന്ന് തലശ്ശേരി സ്റ്റേഡിയത്തിൽ ആരംഭിക്കും. മൂന്നു ദിവസങ്ങളിലായി നാലു വേദികളിൽ നടക്കുന്ന മത്സരത്തിൽ 600 ഓളം പേർ പങ്കെടുക്കും. വൈകീട്ട് തലശ്ശേരി നഗരസഭാ ചെയർപേഴ്സൺ KM ജമുനാറാണി ഉദ്ഘാടനം ചെയ്യും.

✪✪✪

ഐ ലീഗ് സെക്കൻഡ് ഡിവിഷൻ ഫുട്ബോളിൽ ഇന്ന് സാറ്റ് FC കേരള, യുണൈറ്റഡ് FC കൊൽക്കത്തയുമായി മത്സരിക്കും.

വൈകിട്ട് നാലിന് മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

കൊൽക്കത്തയിൽ ISL ഫുട്ബോളിൽ FC ഗോവ, ഒഡീഷ FC യെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ഗോവയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

കേരള എലൈറ്റ് പ്രീമിയർ ലീഗ് ഫുട്ബാളിൽ ഇന്ന് FC കേരള, ഗോൾഡൻ ത്രെഡ്സ് FC യെ നേരിടും. കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയത്തിൽ വൈകീട്ട് 3.30 നാണ് മത്സരം.

കോഴിക്കോട്ട് ഇന്നലെ കേരള യുണൈറ്റഡ് - കൊണ്ടോട്ടി റിയൽ മലബാർ സമനിലയിൽ പിരിഞ്ഞു.

✪✪✪

സ്വർണ്ണവില വീണ്ടും വർദ്ധിച്ചു. പവന് 200 രൂപ ഉയർന്ന് 63,440 രൂപയിലാണ് ഇന്ന് വ്യാപാരം നടക്കുന്നത്. ഗ്രാമിന് 7,930 രൂപയാണ് വില.

✪✪✪

പ്രിയങ്ക ഗാന്ധി MP ശനിയാഴ്ച മുതൽ മൂന്ന് ദിവസം വയനാട് സന്ദർശിക്കും. നിയോജകമണ്ഡലം അടിസ്ഥാനത്തിൽ നടക്കുന്ന UDF ബൂത്ത് തല തിരഞ്ഞെടുപ്പ് കമ്മിറ്റി ഭാരവാഹികളുടെ സംഗമങ്ങളിൽ പ്രിയങ്ക പങ്കെടുക്കുമെന്ന് UDF വയനാട് ജില്ലാ കമ്മിറ്റി അറിയിച്ചു.

✪✪✪

**കോഴിക്കോട് മുക്കത്തിന് സമീപം ഹോട്ടൽ ജീവനക്കാരിയെ ഉപദ്രവിക്കാൻ ശ്രമിച്ച സംഭവത്തിൽപ്രതികളായ രണ്ട് പേർ കോടതിയിൽ ഹാജരായി. കേസിൽ ഹോട്ടൽ ഉടമയെ ഇന്നലെ പോലീസ് അറസ്റ്റ് ചെയ്തിതിരുന്നു.**

✪✪✪

**ഇടുക്കി മറയൂരിലെ ചിന്നാർ വന്യജീവി സങ്കേതത്തിൽ കാട്ടാന ആക്രമണത്തിൽ ഒരാൾ മരിച്ചു. ഗോത്രവർഗ്ഗ കോളനിയിലെ ചമ്പക്കാട്ടിൽ വിമലാണ് മരിച്ചത്- 57 വയസ്സായിരുന്നു. രാവിലെ എട്ടരയോടെയായിരുന്നു സംഭവം. വന്യജീവി സങ്കേതത്തിലെ ഫയർലൈൻ വെട്ടിത്തെളിക്കാൻ പോയ വനംവകുപ്പ് സംഘത്തിനൊപ്പമുണ്ടായിരുന്നയാളാണ് വിമൽ.**

✪✪✪

**കേരളത്തിൽ ഇന്ന് ചിലയിടങ്ങളിൽ സാധാരണയെക്കാൾ രണ്ട് മുതൽ മൂന്ന് ഡിഗ്രി വരെ താപനില ഉയരാൻ സാധ്യതയുണ്ടെന്നും, പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്നും കേന്ദ്ര കാലാവസ്ഥാവകുപ്പ് അറിയിച്ചു. നിർജലീകരണം ഒഴിവാക്കാൻ ധാരാളം വെള്ളം കുടിക്കണമെന്നും, പകൽ 11 മണി മുതൽ 3 മണി വരെ നേരിട്ടുള്ള സൂര്യപ്രകാശം ഏൽക്കരുതെന്നും മുന്നറിയിപ്പിൽ പറയുന്നു.**

✪✪✪

---

*News Editor: വി കെ സുരേഷ്*
*Casual News Reader: സബിത ആനന്ദ്*
*Stanby : അനിൽചന്ദ്രൻ*
*DEO: ഷീബ*